**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 29.04.2025

# വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ വിജിലൻസ് പിടിയിൽ.

"ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്"-ന്റെ ഭാഗമായി പത്തനംതിട്ട വിജിലൻസ് യൂണിറ്റ് ഒരുക്കിയ കെണിയിൽ പത്തനംതിട്ട കുരമ്പാല വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ കെ.ജയപ്രകാശ് 1,000/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (29/04/2025) പത്തനംതിട്ട വിജിലൻസ് പിടികൂടി.

കൊല്ലം ആനയടി സ്വദേശിയായ പരാതിക്കാരൻ, തന്റെ സുഹൃത്തിന്റെ പേരിൽ പത്തനംതിട്ട കുരമ്പാല വില്ലേജ് പരിധിയിൽപ്പെട്ട 2.5 ഏക്കർ സ്ഥലം പണയം വച്ച് ബാങ്കിൽ നിന്നും ലോൺ എടുക്കുന്ന ആവശ്യത്തിലേക്ക് എഫ്.എം സ്കെച്ചും, ലൊക്കേഷൻ സ്കെച്ചും ലഭിക്കുന്നതിനായി ഇക്കഴിഞ്ഞ 23-ാം തീയതി കുരമ്പാല വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. അന്നേ ദിവസം തന്നെ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ജയപ്രകാശ് വസ്തു നോക്കാനെന്നും പറഞ്ഞ് സ്ഥലത്തെത്തുകയും വസ്തു നോക്കിയ ശേഷം 1,500/- രൂപ കൈക്കൂലിയായി പരാതിക്കാരനിൽ നിന്നും വാങ്ങിയെടുക്കുകയും ചെയ്തു. തുടർന്ന് എഫ്.എം സ്കെച്ചും, ലൊക്കേഷൻ സ്കെച്ചും ശരിയാക്കിയ ശേഷം വിളിക്കാമെന്നും, വാങ്ങാൻ വില്ലേജ് ഓഫീസിൽ വരുമ്പോൾ വില്ലേജ് ഓഫീസർക്ക് കൊടുക്കുന്നതിനും മറ്റുമായി 1,000/- രൂപ കൂടി കൈക്കൂലി നൽകണമെന്നും പറഞ്ഞിട്ട് അയാൾ തിരികെ പോയി. തുടർന്ന് പരാതിക്കാരൻ ഈ വിവരം പത്തനംതിട്ട വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (29/04/2025) വൈകുന്നേരം 05.00 മണിക്ക് കുരമ്പാല വില്ലേജ് ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും 1,000/- രൂപ കൈക്കൂലി വാങ്ങവേ കുരമ്പാല വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ജയപ്രകാശിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.